ഗാംഗുലിയെ തഴഞ്ഞ ശാസ്ത്രിക്കെതിരെ അസ്ഹർ

മുംബയ്: ഗാംഗുലിയെ തഴഞ്ഞ് ഇന്ത്യൻ ക്യാപ്ടൻമാരുടെ ദാദയെന്ന് എം. എസ്. ധോണിയെ വിശേഷിപ്പിച്ച രവിശാസ്ത്രിക്കെതിരെ മുഹമ്മദ് അസ്ഹറുദ്ദീൻ രംഗത്തെത്തി. "ഇത്രയും വിഡ്ഢിത്തം നിറഞ്ഞ കാര്യം വേറെയില്ല. അദ്ദേഹം കണക്കുകൾ നോക്കാതെയാണോ ഇതൊക്കെ വിളിച്ചു പറയുന്നത്? ഇന്ത്യയിലെമികച്ച ക്യാപ്ടൻമാരെ കുറിച്ച് പറയുമ്പോൾ ഒരിക്കലും പക്ഷപാതം കാണിക്കാൻ പാടില്ലായിരുന്നുവെന്നും ഗാംഗുലിയെ അപമാനിക്കുകയാണ് രവി ശാസ്ത്രി ചെയ്തതെന്നും അസ്ഹറുദ്ദീൻ പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudidaily

രഞ്ജി ഫൈനലിനിടെ ഗുജറാത്ത് ബാറ്റ്സ്മാൻ മൻപ്രീത് ജൂനേജയുടെ ബാറ്റ് ഒടിഞ്ഞപ്പോൾ

രഞ്ജി ഫൈനൽ: ഗുജറാത്തിന് ലീഡ്

ഇൻഡോർ: രഞ്ജിട്രോഫിക്രിക്കറ്റിന്റെഫൈനലിൽമുംബയ്ക്കെതിരെ ഗുജറാത്തിന് ഒന്നാം ഇന്നിംഗ്സ് ലീഡ്. മുംബയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 228/10നെതിരെ ഒന്നാം ഇന്നിഗ്സിനിറങ്ങിയ ഗുജറാത്ത് രണ്ടാംദിനംസ്റ്റമ്പെടുക്കുമ്പോൾ 6 വിക്കറ്റ് നഷ്ടത്തിൽ 291 റൺസ് നേടിയിട്ടുണ്ട്.

4 വിക്കറ്റ് കൈയിലിരിക്കേ ഗുജറാത്തിന് 63 റൺസിന്റെ ലീഡായി. വിക്കറ്റ് നഷ്ടമില്ലാതെ രണ്ട് റൺസെന്ന നിലയിൽ ബാറ്റിംഗിനിറങ്ങിയഗുജറാത്തിന്ഓപ്പണർമാരായ സമിത്ത് ഗോഹലിനെയും (4), പ്രിയങ്ക് പഞ്ചലിനെയും (6) വേഗം നഷ്ടമായി.

മദ്ധ്യനിരയിൽ ഭാർഗവ് മെരായിയുടെയും (45) സെഞ്ച്വറിക്ക് പത്ത് റൺസകലെ പുറത്തായ പാർത്ഥിവ് പട്ടേലിന്റെയും (90),മൻപ്രീത് ജൂനേജയുടെയും(77) തകർപ്പൻബാറ്റിംഗാണ് അവർക്ക് തുണയായത്. രുജൂൽ ഭട്ട് 25 റൺസെടുത്തു. 17 റൺസുമായി ചിരാഗ്ഗാന്ധിയും 16 റൺസുമായി റഷ്കലേറിയയുമാണ് ഇന്നലെ സ്റ്റമ്പെടുക്കുമ്പോൾ ക്രീസിൽ. അഭിഷേക് നായർ മംബയ്ക്കായി മൂന്ന് വിക്കറ്റ് വീഴ്ത്തി. ഷർദുൾ താക്കൂർ രണ്ട് വിക്കറ്റ് നേടി.

സർക്കാർ ഓ.കെ പറഞ്ഞാൽ ബബിതയ്ക്ക് വീട്

ബബിത (ഫയൽ ചിത്രം)

▸ സാംപ്രസാദ് ഡേവിഡ്

തിരുവനന്തപുരം: ദേശീയ സീനിയർ സ്കൂൾ അത്‌ലറ്റിക്ക് മീറ്റിൽ കേരളം ചാമ്പ്യൻമാരായപ്പോൾ ഇരട്ട സ്വർണവുമായി മിന്നിത്തിളങ്ങിയ ക്യാപ്ടൻ സി.ബബിതയുടെനല്ലൊരുവീടെന്ന ചിരകാല സ്വപ്നം പൂവണിയാൻ വേണ്ടത് സർക്കാരിന്റെ അനുമതിപത്രം മാത്രം. പൂനെയിലെ ബാലേവാഡി സ്റ്റേഡിയത്തിൽ നടന്ന സീനിയർ സ്കൂൾ അത്‌ലറ്റിക്ക് മീറ്റിൽ മോശം കാലാവസ്ഥായോടും സാഹചര്യങ്ങളോടും പടവെട്ടി ഒരു ദിവസം തന്നെ 1500 മീറ്ററിലും 3000 മീറ്ററിലും സ്വർണം നേടിയ ബബിതയ്ക്ക് മെഡലുകൾ സൂക്ഷിക്കാൻ ഒരു നല്ല വീടു പോലുമില്ലെന്ന വാർത്ത കഴിഞ്ഞദിവസം കേരള കൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്നു. വാണിയംകുളം ചക്കൻമാർതൊടിയിൽ ചുമട്ടുതൊഴിലാളിയായ ബാലകൃഷ്ണന്റെയും സുലോചനയുടെയും രണ്ടുമക്കളിൽ ഇളയകുട്ടിയാണ് ബബിത. സഹോദരൻ ബബ്ജു വെൽഡിംഗ്തൊഴിലാളിയാണ്. ഒറ്റമുറി വീട്ടിലാണ് ഇവരുടെ താമസം. അന്താരാഷ്ട്രതലത്തിലുൾപ്പെടെ മെഡലുകൾ നേടിയ ബബിതയ്ക്ക് വീടുവച്ചു നൽകുന്നതിനായി വാണിയംകുളം പഞ്ചായത്തധികൃതർ മുന്നോട്ട് വന്നെങ്കിലും സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ ചുവപ്നാടയിലാവുകയായിരുന്നു. വീട് വയ്ക്കാൻ പഞ്ചായത്തിന് മൂന്നു ലക്ഷം രൂപ മാത്രമേ അനുവദിക്കാനാകൂ. ഈതുകയ്ക്ക്ഇന്നത്തെസാഹചര്യത്തിൽ വീട് നിർമ്മിക്കാനാകില്ല.

മൂന്ന് ലക്ഷത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിന് സംസ്ഥാനത്തെ ധനകാര്യവകുപ്പിന്റെയോ മുഖ്യമന്ത്രി അദ്ധ്യക്ഷനായ കോ- ഓർഡിനേറ്റിംഗ് കമ്മിറ്റിയുടേയോ അനുമതി വേണം. ഇക്കാര്യം ചൂണ്ടിക്കാട്ടി സർക്കാരിന് അപേക്ഷ സമർപ്പിച്ചെങ്കിലും ഇതുവരെ ഒരു നിർദ്ദേശവും ലഭിച്ചില്ലെന്ന് വാണിയംകുളം പഞ്ചായത്ത് വൈസ്പ്രസിഡന്റ് ഭാസ്കരൻ പറഞ്ഞു. ഈ മാസം 25-ാം തിയതിക്ക് മുൻപായി സർക്കാരിൽ നിന്ന് അനുമതി കിട്ടുകയാണെങ്കിൽ 31-ാം തിയതി പാലക്കാട്ട് വച്ച് കൂടുന്ന ഡിസ്ട്രിക്ക് പ്ലാനിംഗ് കമ്മിറ്റിയിൽ ഈ പ്രോജക്ട് അവതരിപ്പിച്ച് പാസാക്കിഉടൻവീടിന്റെപണി തുടങ്ങാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2009ൽ ആറാം ക്ലാസിൽപഠിക്കുമ്പോഴാണ് ബബിത ആദ്യമായി ട്രാക്കിലേക്കെത്തുന്നത്. തുടർന്ന് ദേശീയ രാജ്യന്തര തലങ്ങളിൽ മിന്നൽ പിണറായ ബബിതയ്ക്ക്വീട്നിർമ്മിച്ച് നൽകുമെന്ന് പ്രഖ്യാപനമുണ്ടായത്. പ്രഖ്യാപനം അങ്ങനെതന്നെഅവശേഷിച്ചതിനെതുടർന്ന്എൽ.ഡി.എഫ്സർക്കാർ അധികാരത്തിൽ വന്നപ്പോഴും പഞ്ചായത്ത് പ്രോജക്ട് അവതരിപ്പിച്ച് പാസാക്കാനായി2013ൽതന്നെവാണിയംകുളം പഞ്ചായത്തിന്റെയും അന്നത്തെ ഷൊർണൂർഎം.എൽ.എഹംസയുടെ നേതൃത്വത്തിലും ശ്രമം നടന്നെങ്കിലും ഫലംകണ്ടില്ല. 2013ൽ ഏഷ്യൻ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ മെഡൽ നേടിയതിന്പിന്നാലെയായിരുന്നു ബബിതയ്ക്ക് വീട് നിർമ്മിച്ച് നൽകുമെന്ന് പ്രഖ്യാപനമുണ്ടായത്. പ്രഖ്യാപനം അങ്ങനെതന്നെഅവശേഷിച്ചതിനെതുടർന്ന്എൽ.ഡി.എഫ്സർക്കാർ അധികാരധികൃതർ ശ്രമം നടത്തിയെങ്കിലും അവഗണനയായിരുന്നു ഫലം. തന്റെ അവസാന സ്കൂൾമീറ്റിൽ പങ്കെടുത്ത് തിരിച്ചെത്തിയ ബബിത ദേശീയ സ്കൂൾ മീറ്റിൽ നിന്ന് മാത്രം പതിനൊന്നോളം മെഡലുകൾ സ്വന്തമാക്കിയിട്ടുണ്ട്. കൊളംബിയയിൽ നടന്നലോകയൂത്ത്ചാമ്പ്യൻഷിപ്പിൽ 800മീറ്ററിലും 4-400 മീറ്ററിലും പങ്കെടുത്തു. ഏഷ്യൻ സ്കൂൾ ഗെയിംസിൽ 800 മീറ്ററിൽ വെങ്കലവും 4-400 മീറ്ററിൽ സ്വർണവും നേടിയിരുന്നു. ബ്രസീലിൽ നടന്നസ്കൂൾഒളിമ്പ്യാഡിൽ 800 മീറ്ററിൽ വെങ്കലം നേടിയിട്ടുണ്ട്.

> "ഈ മാസം 25-ാം തിയതിക്ക് മുൻപായി സർക്കാരിൽ നിന്ന് അനുമതി കിട്ടുകയാണെങ്കിൽ 31-ാം തിയതി പാലക്കാട്ട് വച്ച് കൂടുന്ന ഡിസ്ട്രിക്ക് പ്ലാനിംഗ് കമ്മിറ്റിയിൽ ബബിതയുടെ വീടിന്റെ നിർമ്മാണത്തിനുള്ള പ്രോജക്ട് അവതരിപ്പിച്ച് പാസാക്കി ഉടൻ പണി തുടങ്ങാനാകും.
>
> ഭാസ്കരൻ
> വാണിയംകുളം പഞ്ചായത്ത്
> വൈസ്പ്രസിഡന്റ്

പത്തരമാറ്റ് പ്രതീക്ഷ

■ അഖിലേന്ത്യാ അന്തർ സർവകലാശാല മീറ്റിന് തുടക്കമായി ■ ഇന്ന് പത്ത് ഫൈനലുകൾ

കോയമ്പത്തൂർ: അഖിലേന്ത്യാ അന്തർ സർവകലാശാല മീറ്റിന് കോയമ്പത്തൂരിൽ തുടക്കമായി. ഉദ്ഘാടന ദിവസം ഫൈനലുകളൊന്നുമില്ലായിരുന്നു. ഏതാനും മത്സരങ്ങളുടെ ഹീറ്റ്സും സെമി ഫൈനലുമാണ് ഇന്നലെ നടന്നത്. മലയാളികളുടെ പ്രതീക്ഷകൾ വാനോളമുയർത്തി കാലിക്കറ്റ്, എം.ജി സർവകലാശാല താരങ്ങൾ ഫൈനലിലെത്തിയിട്ടുണ്ട്. ആൺ, പെൺ 5000 മീറ്റർഫൈനലോടെയാണ്ഇന്ന്ട്രാക്കുണരുക. മീറ്റിലെവേഗതാരങ്ങളെനിശ്ചയിക്കുന്ന 100 മീറ്റർ ഫൈനൽ, ഹൈജമ്പ്, ട്രിപ്പിൾ ജമ്പ്, ഡിസ്കസ്ത്രോ തുടങ്ങിയവയുടെ മെഡൽപോരാട്ടവും ഇന്നാണ്. ഇതിലെല്ലാം ശക്തമായ മലയാളി സാന്നിധ്യവുമുണ്ട്. മാംഗ്ലൂർ സർവകലാശാലയും പഞ്ചാബ് സർവകലാശാലയും ഉയർത്തുന്ന വെല്ലുവിളികൾ മറികടക്കാനായാൽകേരളത്തിലേക്ക്മെഡലൊഴുകും.

5000മീറ്ററിൽകേരളത്തിൽനിന്ന് മൂന്ന് വനിതാ താരങ്ങൾ ഫൈനലിലെത്തി. കാലിക്കറ്റിന്റെ കെ. കെ വിദ്യ, എം. ജിയുടെ അനു മരിയ സണ്ണി, എയ്ഞ്ചൽ ജയിംസ് എന്നിവരാണവർ. കാലിക്കറ്റിന്റെ മിന്നും താരം പി. യു ചിത്ര മത്സരിച്ചില്ല. ആൺകുട്ടികളിൽ കാലിക്കറ്റിന്റെ വി.എം സഞ്ജയ് ഫൈനലിലെത്തി. ഹൈ ജമ്പിൽ എം. ജിയുടെ ജിയോ ജോസ്, മനു ഫ്രാൻസിസ്, കാലിക്കറ്റിന്റെ സൽമാൻ ഖാൻ എന്നിവർക്ക് വെല്ലുവിളി ഉയർത്തി മാംഗ്ലൂർ സർവകലാശാലയുടെ മലയാളി താരം ശ്രീനിത്ത് മോഹനും മത്സരത്തിനുണ്ട്. വനിതകളുടെ ട്രിപ്പിൾ ജമ്പിൽ മലയാളികൾ മെഡൽ ഉറപ്പിച്ചിട്ടുണ്ട്. മാംഗ്ലൂർ സർവകലാശാലയുടെ മലയാളി താരങ്ങളായ എൻ. വി ഷീന, ശിൽപ ചാക്കോ, എം. ജിയുടെ അലീന ജോസ്, വിനിജ വിജയൻ, കാലിക്കറ്റിന്റെകെ. അക്ഷയ, കേരളയുടെ ആൽഫി ലൂക്കോസ് എന്നിവരെല്ലാം ഫൈനലിലെത്തി. പെൺകുട്ടികളുടെ 800 മീറ്ററിൽ കാലിക്കറ്റിന്റെ അഞ്ജു മോഹനും എം. ജിയുടെ സൂതിമോൾ വി. രാജേന്ദ്രനും അവസാന റൗണ്ടിലെത്തി. ആൺകുട്ടികളിൽകേരളയുടെട്വിങ്കിൾടോമിയുംഫൈനലിൽപ്രവേശിച്ചു. വനിതകളുടെഡിസ്കസ്ത്രോഫൈനലും ഇന്നാണ്. നാളത്തെ ഹാമർ ത്രോ ഫൈനലിലേക്ക് എം. ജിയുടെആതിരാമുരളീധരൻഎൻടി ലഭിച്ചിട്ടുണ്ട്. 10 ഫൈനലുകൾഇന്ന്നടക്കും. മീറ്റ്തമിഴ്നാട്ടുന്നത വിദ്യാഭ്യാസമന്ത്രികെ.പിഅൻപഴകൻ ഉദ്ഘാടനം ചെയ്തു.

ദേശീയ അന്തർസർവകലാശാല അത്‌ലറ്റിക് മീറ്റിൽ 100 മീറ്റർ സെമിയിൽ മത്സരിക്കുന്ന എം. ജി യൂണിവേഴ്സിറ്റിയുടെ കെ. മഞ്ജു. *ഫോട്ടോ: പി എസ് മനോജ്*

റൈഫിയുടെ മികവിൽ എസ്.ബി.ടിക്ക് ജയം

മുംബയ്: ക്യാപ്ടൻ റൈഫി വിൻസന്റ്ഗോമസിന്റെ ആൾറൗണ്ട് മികവിൽ ഒ.എൻ.ജി.സിയെ ഏഴ് വിക്കറ്റിന് തോൽപ്പിച്ച്സ്റ്റേറ്റ്ബാങ്ക്ഓഫ്ട്രാവൻകൂർ13-ാമത്ഡിവൈപാട്ടീൽ ട്വന്റി - 20 ടൂർണമെന്റിന്റെ ക്വാർട്ടറിൽ കടന്നു.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ഒ. എൻ. ജി. സി നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 124 റൺസ് നേടി. മറുപടിക്കിറങ്ങിയ എസ്.ബി.ടി 17.3 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ വിജയലക്ഷ്യത്തിലെത്തുകയായിരുന്നു.

മൂന്നാമനായിറങ്ങിയ റൈഫി 27 പന്തിൽ 3 വീതം ഫോറും സിക്സും അടിച്ച് നേടിയ 43 റൺസാണ് എസ്.ബി.ടിയുടെ വിജയം എളുപ്പത്തിലാക്കിയത്.

ഒ. എൻ. ജി. സിയുടെ ഇന്നിംഗ്സിൽ എസ്.ബി.ടിക്കായി ബൗളിംഗ് ഓപ്ഷൻ ചെയ്ത റൈഫി 4 ഓവറിൽ 19 റൺസ് വഴങ്ങി ഒരു വിക്കറ്റും വീഴ്ത്തി. അഭിഷേക് മോഹൻ മുന്നാം സന്ദീപ് വാര്യർ, വിനൂപ് മനോഹർ എന്നിവർ രണ്ട് വിക്കറ്റ് വീതവും എസ്.ബി.ടിയ്ക്കായി വീഴ്ത്തി.

മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റ് പയ്യന്നൂരിൽ

പയ്യന്നൂർ: 36-ാമത് സംസ്ഥാന മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റ് 14 ന് പയ്യന്നൂർ കോളേജ് സ്റ്റേഡിയത്തിൽ ആരംഭിക്കും. 224 വനിതകളുൾപ്പെടെ 1046 കായികതാരങ്ങൾ മീറ്റിൽ പങ്കെടുക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇവരിൽ അഞ്ചു പേർ 90 കഴിഞ്ഞവരാണ്. നാല്പതിലേറെ പേർ 85 നും 90 നും ഇടയിലുള്ളവരും.

ശനിയാഴ്ച രാവിലെ 9 ന് മത്സരങ്ങൾ തുടങ്ങും. ഉദ്ഘാടനം വൈകിട്ട് നാലിന് ഇ.പി. ജയരാജൻ എം.എൽ.എ നിർവഹിക്കും. ടി.വി. രാജേഷ് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ മുഖ്യാതിഥിയായിരിക്കും.

15 ന് വൈകിട്ട് സമാപനസമ്മേളനം സി. കൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും.

വാർത്താസമ്മേളനത്തിൽ കെ. വിജയകുമാർ, പി.പി. കൃഷ്ണൻ, അഡ്വ. സി. നാരായണൻ നായർ, കെ. കെ. എസ്. പൊതുവാൾ തുടങ്ങിയവർ സംബന്ധിച്ചു.

ശ്രീജേഷ് ഇന്റർ നാഷണൽ ഹോക്കി ഫെഡറേഷന്റെ അത്‌ലറ്റ്സ് കമ്മിറ്റിയിൽ

ന്യൂഡൽഹി: ഇന്ത്യൻ ഹോക്കിടീം ക്യാപ്ടനും ഗോളിയുമായ മലയാളി താരം പി.ആർ. ശ്രീജേഷിന് ഇന്റർ നാഷണൽ ഹോക്കി ഫെഡറേഷന്റെ അത്‌ലറ്റ്സ് കമ്മിറ്റിയിലേക്ക് കഴിഞ്ഞ ദിവസം തിരഞ്ഞെടുത്തു. ഇപ്പോഴുള്ളവരും വിരമിച്ചവരും ഉൾപ്പെടെ എട്ടോളം താരങ്ങൾ ഉൾപ്പെട്ടതാണ് അത്‌ലറ്റ്സ് കമ്മിറ്റി.

കളിക്കാർക്കും ഇന്റർ നാഷണൽ ഹോക്കി ഫെഡറേഷനും ഇടയിലുള്ള പാലമാണ് ഈ കമ്മിറ്റി. ഫെഡറേഷൻ തീരുമാനങ്ങളിലും കമ്മിറ്റിക്ക് നിർണായക സ്വാധീനമുണ്ട്. ഇന്റർനാഷണൽ ഹോക്കി ഫെഡറേഷന്റെ അത്‌ലറ്റ്സ് കമ്മിറ്റിയിലേക്ക് കഴിഞ്ഞ ദിവസം തിരഞ്ഞെടുത്തു. ഇപ്പോഴുള്ളവരും വിരമിച്ചവരും ഉൾപ്പെടെ എട്ടോളം താരങ്ങൾ ഉൾപ്പെട്ടതാണ് അത്‌ലറ്റ്സ് കമ്മിറ്റി.

അത്‌ലറ്റിക്കോ മാഡ്രിഡിന് ജയം

മാഡ്രിഡ്: കോപ ഡെൽ റേയിൽ അത്‌ലറ്റിക്കോ മാഡ്രിഡ് ക്വാർട്ടർ ഫൈനലിൽകടന്നു. പ്രീക്വർട്ടറിൽ ഇരുപാദങ്ങളിലുമായി ലാസ് പൽമാസിനെ 4-3ന് തോൽപിച്ചാണ് അത്‌ലറ്റിക്കോ ക്വാർട്ടർ ഉറപ്പിച്ചത്. ഇന്നലെ നടന്ന രണ്ടാം പാദമത്സരത്തിൽലാസ്പൽമാസിനോട് 2-3ന് സ്വന്തം തട്ടകത്തിൽ തോറ്റെങ്കിലും നേരത്തേ നടന്ന എവേ മത്സരത്തിൽ 2-0ത്തിന് ജയിക്കാനായത് അത്‌ലറ്റിക്കോയ്ക്കുതുണയാവുകയായിരുന്നു.

ലിവാജിന്റെ ഇരട്ടഗോളുകളും മാരിയോ ഗാർസിയോ അവസാന നിമിഷം നേടിയ ഗോളുമാണ് ഇന്നലെ അത്‌ലറ്റിക്കോയുടെ ഗ്രൗണ്ടിൽ ലാസ് പൽമാസിന് വിജയമൊരുക്കിയത്. അന്റോണിയോ ഗ്രിസ്മാനും ഏഞ്ചൽകൊറേയയുമാണ്അത്‌ലറ്റിക്കോയ്ക്കായിസ്കോർ ചെയ്തത്.

ഇന്ന് രണ്ടാം സന്നാഹം

രഹാനെ

മുംബയ്: ഏകദിന പരമ്പരയ്ക്കായി ഇന്ത്യഎ ടീമും ഇംഗ്ലണ്ടും തമ്മിലുള്ള രണ്ടാമത്തെയും അവസാനത്തെയും സന്നാഹ മത്സരം ഇന്ന് രാവിലെ 9 മുതൽ നടക്കും. ധോണിയുടെ ക്യാപ്ടൻസിയിൽഇന്ത്യ അവസാന മത്സരത്തിനിറങ്ങിയ ഒന്നാം സന്നാഹപോരാട്ടത്തിൽ ഇംഗ്ലണ്ടിനായിരുന്നു ജയം. ഇന്നത്തെ മത്സരം ജയിച്ച് വിജയിവഴിയിൽ തിരിച്ചെത്താനാണ് ടീം ഇന്ത്യയുടെ ശ്രമം. മുംബയിലെ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം.

ടീം ഇവരിൽ നിന്ന്

ഇന്ത്യ എ: റിഷഭ് പന്ത്, രഹാനെ (ക്യാപ്ടൻ), റെയ്ന, ഹൂഡ, ഇഷാൻ കിഷൻ (വിക്കറ്റ്കീപ്പർ), ജാക്സൺ, വിജയ് ശങ്കർ, നദീം, റസൂൽ, വിനയ്, സാംഗ്വാൻ, ദിൻഡ

ഇംഗ്ലണ്ട്: മോർഗൻ (ക്യാപ്ടൻ), മോയിൻഅലി, ബെയർസ്റ്റോ, ബാൾ, ബില്ലിംഗ്സ്, ബട്ട്ലർ, ഡോവ്സൺ, ഹെയ്ൽസ്, പ്ലങ്കറ്റ്, റഷീദ്, റോയ്, സ്റ്റോക്ക്, വില്ലി, വോക്സ്.

ശ്രദ്ധിക്കേണ്ട താരം

റിഷഭ് പന്ത്: യുവതാരം റിഷഭ് പന്തിന്റെപ്രകടനംആണ്എല്ലാവരും ഉറ്റുനോക്കുന്നത്. അണ്ടർ 19 ലോകകപ്പിൽ റണ്ണറപ്പായ ഇന്ത്യൻ ടീമിൽ മികച്ച പ്രകടനം നടത്തിമിന്നിത്തിളങ്ങിയ പന്ത് രഞ്ജിയിൽ മഹാരാഷ്ട്രയ്ക്കെതിരെ ഡൽഹിക്കായി ട്രിപ്പിൾ സെഞ്ച്വറി നേടിയിരുന്നു.

ഏകദിനങ്ങൾ

■ ഒന്നാംഏകദിനം: 15 ന് പൂനെയിൽ
■ രണ്ടാംഏകദിനം: 19 ന് കട്ടക്കിൽ
■ മൂന്നാംഏകദിനം: 22 ന് കൊൽക്കത്തയിൽ

എല്ലാ മത്സരവും ഡേ നൈറ്റാണ്. ഉച്ചയ്ക്ക് 1.30 ന് തുടങ്ങും.

ട്വന്റി 20

■ ഒന്നാം ട്വന്റി 20: 26 ന് കാൺപൂരിൽ വൈകിട്ട് 4.30 മുതൽ
■ രണ്ടാംട്വന്റി20: 29 ന്നാഗ്പൂരിൽ രാത്രി 7 മുതൽ
■ മൂന്നാം ട്വന്റി 20 : ഫെബ്രുവരി1 ന ബാംഗ്ലൂരിൽ രാത്രി 7 മുതൽ

മാഞ്ചസ്റ്റർ യുണൈറ്റഡ് താരം ഫെല്ലേനി (ഇടത്തുനിന്ന് രണ്ടാമത്) ഗോൾ നേടുന്നു

മാഞ്ചസ്റ്റർ 'മാർവലസ്' യുണൈറ്റഡ്

ഓൾഡ്ട്രാഫോർഡ്: ഇംഗ്ലീഷ് ലീഗ് കപ്പിന്റെ ആദ്യപാദ സെമിയിൽ ഹൾസിറ്റിക്കെതിരെ മാഞ്ചസ്റ്റർ യുണൈറ്റഡിന് തകർപ്പൻ ജയം. സ്വന്തം തട്ടകത്തിൽ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്കാണ് മാഞ്ചസ്റ്റർ ഹൾസിറ്റിയെ തകർത്തത്. 26ന് ഹൾസിറ്റിയുടെ തട്ടകത്തിലാണ് രണ്ടാം പാദ പോരാട്ടം.

ഓൾഡ്ട്രാഫോർഡിൽ ഗോൾരഹിതമായ ഒന്നാം പകുതിക്ക്ശേഷം ജുവാൻമാട്ടയും മൗറീനോ ഫെല്ലേനിയുമാണ് മാഞ്ചസ്റ്ററിനായി ഗോളുകൾ നേടിയത്. വെയ്ൻ റൂണിയുടെ യുണൈറ്റഡാനായുള്ള 250-ാം ഗോളിനായി കാത്തിരുന്നവർക്ക് നിരാശയായിരുന്നു ഫലം. അമ്പത്തിയാറാം മിനിറ്റിലായിരുന്നു സ്പാനിഷ് താരം മാട്ട യുണൈറ്റഡിനായി ഹൾസിറ്റിയുടെ വലകുലുക്കിയത്. ഹെൻട്രിക്ക് മകിതര്യാൻ കൊടുത്ത ക്രോസാണ് മാട്ടഗോളാക്കി മാറ്റിയത്.

കളി തീരാൻ മൂന്ന് മിനിറ്റ് മാത്രം ശേഷിക്കേ പകരക്കാരനായിറങ്ങിയ ഫെല്ലേനിയും മാഞ്ചസ്റ്ററിനായിലക്ഷ്യംകണ്ടു. ഡാമിയൻ കൊടുത്ത ക്രോസ് തകർപ്പനൊരു ഹെഡ്ഡറിലൂടെ ഫെല്ലേനി ഗോൾവലയ്ക്കുള്ളിലാക്കുകയായിരുന്നു. മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ തുടർച്ചയായ ഒമ്പതാം ജയമായിരുന്നു ഇത്.